ഹരിപ്പാട് കൺസർവൻസി ഠൗൺ

110 [3499] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിലെ ഹരിപ്പാടിന് 'ഹരിപ്പാട് കൺസർവൻസി ഠൗൺ' എന്ന കൺസപ്റ്റ് ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നിലവിലില്ല.

ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വില്പന

111 [3500] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ:

,, ടി. ഹി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ സംസ്ഥാനത്ത് ഏതെങ്കിലും ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ടോ എന്നും, ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകളിൽ വില്പന നടത്തുന്നുണ്ടോ എന്നറിയാനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം മരുന്നുകൾ നിർദ്ദേശിക്കുന്നതും, വിൽപ്പന നടത്തുന്നതും തടയുവാനായി സംവിധാനമേർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഡോക്ടർമാർ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ നിർദ്ദേശിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഇപ്പോൾ സംവിധാനം ഇല്ല. ഗുണ നിലവാരമില്ലാത്ത മരുന്നുകളുടെ റിപ്പോർട്ട് കിട്ടിയാലുടനെ അവയുടെ തുടർന്നുള്ള വില്പന നിരോധിക്കുന്നുണ്ട്. ഇത് പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ആവശ്യത്തിനുള്ള ഡ്രഗ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇത്തരം മരുന്നുകളുടെ വിവരം പത്ര മാധ്യമങ്ങളിൽകൂടി ഔഷധ വ്യാപാരികളുടെ സംഘടന, ഐ. എം. എ. എന്നിവരെ അറിയിക്കുന്നു. ഡ്രഗ് ഇൻസ്പെക്ടർമാർ മരുന്നുകൾ പരിശോധിക്കുന്ന സമയത്ത് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly